**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6777** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി സ്വമേധയാ ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻകാലങ്ങളിൽ നിലനിന്നിരുന്ന പല ചെറുകിട സഹകരണ വ്യവസായ സ്ഥാപനങ്ങളുടെയും ഭൂമി അന്യാധീനപ്പെട്ട് കിടക്കുന്നതായി റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാരിനുള്ള ബാധ്യതകൾ തീർക്കാത്തതും അനാഥമായി കിടക്കുന്നതുമായ ഭൂമി സ്വമേധയാ ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സന്നദ്ധമാകുമോ; വ്യക്തമാക്കാമോ? | (ബി) | സർക്കാരിനുള്ള ബാധ്യതകൾ തീർക്കാത്ത ഭൂമികൾ റവന്യൂ റിക്കവറി പ്രകാരമാണ് ഏറ്റെടുക്കുന്നത്. അനാഥമായി കിടക്കുന്ന ഭൂമികൾ ശ്രദ്ധയിൽപ്പെടുന്ന മുറക്ക് ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു എന്ന വിവരം ഗസറ്റിൽ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ഇല്ലാത്ത പക്ഷം സർക്കാരിലേക്ക് ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതാണ്. റവന്യൂ റിക്കവറി കേസ്സുകളിൽ ഭൂമി ജപ്തി ചെയ്ത് ലേലം മുഖേന തുക വസൂലാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പ്രസ്തുത ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്തുവരുന്നു. എന്നാൽ നിയമാനുസൃത അവകാശികളില്ലാതെയും വിൽപ്പത്രം എഴുതി വയ്ക്കാതെയും മരണപ്പെടുന്ന വ്യക്തികളുടെ വസ്തുവഹകൾ 1964-ലെ കേരള എസ്ചീറ്റ് ആൻഡ് ഫോഫീച്ചേഴ്സ് ആക്ട് പ്രകാരം അന്യം നിന്ന വസ്തുക്കളായി കണക്കാക്കി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ